പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2489 | 18.02.2016-ൽ മറുപടിക്ക്.

അന്യസംസ്ഥാന തൊഴിലാളികൾക്ക് ക്ഷേമ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എളമരം കരീം | ശ്രീ.ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) കേരളത്തിൽ പണിയെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി 2010-ൽ പ്രഖ്യാപിച്ച ക്ഷേമ പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിലുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) ഉണ്ട്. കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ നല്കി വരുന്നുണ്ട്. |
| (ബി) എത്ര അന്യസംസ്ഥാന തൊഴിലാളികളാണ് കേരളത്തിൽ പണിയെടുക്കുന്നത്; | (ബി) തൊഴിൽ വകുപ്പിനുവേണ്ടി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടാക്സേഷൻ നടത്തിയ പഠനത്തിൽ 25 ലക്ഷത്തോളം ഇതര സംസ്ഥാന തൊഴിലാളികൾ കേരളത്തിൽ പണിയെടുക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) പ്രസ്തുത ക്ഷേമ പദ്ധതിയിൽ ഇതിനകം എത്ര തൊഴിലാളികളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; | (സി) കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 31.01.2016 വരെ 52,422 ഇതര സംസ്ഥാന തൊഴിലാളികൾ അംഗത്വ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. |
| (ഡി) സംസ്ഥാനത്തുള്ള മുഴുവൻ അന്യസംസ്ഥാന തൊഴിലാളികളേയും രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള നടപടി സമയബന്ധിതമായി സ്വീകരിക്കുമോ? | (ഡി) കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന് കീഴിലുള്ള 14 ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർ മുഖേന ഇതര സംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥലങ്ങൾ നേരിട്ട് സമീപിച്ച് അംഗത്വ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ജില്ലാ ലേബർ ഓഫീസർ (ഇ), അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് I എന്നീ ഓഫീസർമാർ സ്ക്വാഡ് പരിശോധനയിലൂടെ ഇതര സംസ്ഥാന തൊഴിലാളികളെ മേൽപ്പറഞ്ഞ ക്ഷേമനിധിയിൽ രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ